# കാർഷിക കയറ്റുമതിയിൽ കുതിപ്പിന് ഇന്ത്യ

## ഈ വർഷം ലക്ഷ്യം $4,400 കോടിയുടെ വരുമാനം

▸ബിസിനസ് ലേഖകൻ

Kerala kaumudi-15-05-2018-P-04

കൊച്ചി: ഏറെക്കാലത്തെ കാത്തിരിപ്പിന് ശേഷം കഴിഞ്ഞ സാമ്പത്തിക വർഷം ലാഭത്തിലേറിയ ഇന്ത്യൻ കാർഷികോത്പന്ന കയറ്റുമതി മേഖല, നടപ്പ് വർഷവും പ്രതീക്ഷിക്കുന്നത് വൻ കുതിപ്പ്. കഴിഞ്ഞ സാമ്പത്തിക വർഷം (2017-18) 500 കോടി ഡോളറിന്റെ വർദ്ധനയോടെ 3,800 കോടി ഡോളർ വരുമാനമാണ് കാർഷിക കയറ്റുമതിയിലൂടെ ഇന്ത്യ നേടിയത്. 2016-17ൽ വരുമാനം 3,300 കോടി ഡോളറായിരുന്നു.

18 ശതമാനം വരെ കുതിപ്പോടെ 4,400 കോടി ഡോളറിന്റെ വരുമാനമാണ് ഈ വർഷം ഇന്ത്യ പ്രതീക്ഷിക്കുന്നത്. രാജ്യം 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022 ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നത് ലക്ഷ്യമിട്ടുള്ള നയങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതി അധിഷ്ഠിത കാർഷിക രംഗത്ത് പുതിയ സാങ്കേതിക വിദ്യകൾ കൊണ്ടുവരുന്നതാണ് അതിൽ പ്രധാനം. കാർഷിക രംഗത്തുണ്ടാകുന്ന മുന്നേറ്റം ഇന്ത്യയുടെ സമ്പദ്ഘടനയ്ക്ക് തന്നെ ഉണർവേകുമെന്നത് ലക്ഷ്യമിട്ടുള്ള ബഡ്ജറ്റാണ് ഇക്കുറി ധനമന്ത്രി അരുൺ ജയ്റ്റ്ലി അവതരിപ്പിച്ചതും.

ഗ്രാമീണ സമ്പദ്ഘടന മെച്ചപ്പെടുന്നത് കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കും. സാധാരണ ജനങ്ങളുടെ വാങ്ങൽശേഷിയും (പർച്ചേസിംഗ് പവർ) കൂടും. പുതിയ കാർഷിക രീതികൾ പ്രയോജനപ്പെടുത്തി ഉത്പാദനം കൂട്ടാനും ആഗോള തലത്തിൽ കൂടുതൽ വിപണികൾ കണ്ടെത്താനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാർ തുടങ്ങിയിട്ടുണ്ട്. കൂടുതൽ കാർഷികോത്പന്നങ്ങൾ കയറ്റുമതി ചെയ്യാനായി അടുത്തിടെ എട്ട് പ്രമുഖ രാജ്യങ്ങളുമായി ഇന്ത്യ ധാരണയിലും എത്തിയിരുന്നു.

അമേരിക്ക, കാനഡ, ചിലി, മലേഷ്യ, ദക്ഷിണ കൊറിയ, ഇറാൻ, തായ്‌വാൻ, ഇക്വഡോർ എന്നിവയാണവ. ഇന്ത്യൻ മാമ്പഴമാണ് ഇറാൻ കൂടുതലായും വാങ്ങുക. മലേഷ്യയും തായ്‌വാനും അമേരിക്കയും മാമ്പഴത്തോട് തന്നെയാണ് കൂടുതൽ താത്പര്യം കാട്ടിയിരിക്കുന്നത്. മാമ്പഴം, മുന്തിരി, മാതളം, വാഴപ്പഴങ്ങൾ, പപ്പായ, ആപ്പിൾ എന്നിവ കാനഡ വാങ്ങും. ഇന്ത്യൻ അരിയാണ് ഇക്വഡോറിന് ആവശ്യം. 35ഓളം കാർഷികോത്പന്നങ്ങളുടെ കയറ്റുമതിക്കായി മറ്റ് പത്തോളം രാജ്യങ്ങളോട് ഇന്ത്യ അനുമതി തേടിയിട്ടുമുണ്ട്.



### വ്യാപാരയുദ്ധത്തിൽ ഇന്ത്യയ്ക്ക് പ്രതീക്ഷ

അമേരിക്ക - ചൈന വ്യാപാരയുദ്ധം ഇന്ത്യയുടെ കാർഷികോത്പന്ന കയറ്റുമതിക്ക് നേട്ടമാകുമെന്നാണ് കരുതപ്പെടുന്നത്. അമേരിക്കയിൽ നിന്നുള്ള 128 ഉത്പന്നങ്ങളുടെ ഇറക്കുമതി നികുതി അടുത്തിടെ ചൈന കുത്തനെ കൂട്ടിയിരുന്നു. ഇതിൽ 90 ഉത്പന്നങ്ങളും ആപ്പിൾ, മാമ്പഴം, പേരയ്ക്ക്, ചെറി തുടങ്ങിയ കാർഷികോത്പന്നങ്ങളാണ്. അമേരിക്കയിൽ നിന്നുള്ള ഇറക്കുമതി കുറയുമെന്നതിനാൽ ചൈന ഇന്ത്യൻ ഇനങ്ങളോട് കൂടുതൽ താത്പര്യം കാട്ടിയേക്കും.

### ലക്ഷ്യം $10,000 കോടി

നിലവിൽ 3,800 കോടി ഡോളറാണ് ഇന്ത്യയുടെ കാർഷികോത്പന്ന കയറ്റുമതി വരുമാനം. 2022-23 സാമ്പത്തിക വർഷത്തോടെ ഇത് 10,000 കോടി ഡോളറിൽ എത്തിക്കുകയാണ് കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം.

### കുതിച്ചും കിതച്ചും ഇന്ത്യ

(കാർഷിക കയറ്റുമതി)

| വർഷം | വരുമാനം |
|---|---|
| 2004-05 | $870 കോടി |
| 2013-14 | $4,323 കോടി |
| 2014-15 | $3,000 കോടി |
| 2015-16 | $3,200 കോടി |
| 2016-17 | $3,300 കോടി |
| 2017-18 | $3,800 കോടി |

**$870 കോടി**

ഇന്ത്യയുടെ കാർഷികോത്പന്ന കയറ്റുമതി വരുമാനം 2004-05 സാമ്പത്തിക വർഷം 870 കോടി ഡോളറായിരുന്നു.

**80%**

സമുദ്രോത്പന്നം, അരി, ബീഫ്, പഴങ്ങൾ എന്നിവയാണ് ഇന്ത്യൻ കാർഷികോത്പന്ന കയറ്റുമതിയിൽ 80 ശതമാനം പങ്കും വഹിക്കുന്നത്.